LIBRARY ARCHIVES Kerala Legislative Assembly

(സി) നെല്ലുസംഭരണം കാര്യക്ഷമമായി നടന്നുവരുന്നുണ്ടോ; കിലോഗ്രാമിന് എത്ര രൂപ നിരക്കിലാണ് സംഭരിക്കുന്ന നെല്ലിന് കർഷകന് നൽകുന്നത്?

സംസ്ഥാനത്ത് നെല്ല് സംഭരണം കാര്യക്ഷമമായി നടന്നുവരുന്നുണ്ട്. സംഭരണം അവസാനിച്ച 2020-21 സീസണിൽ ഒരു കിലോഗ്രാം നെല്ലിന് 27.48 രൂപ നിരക്കിൽ നൽകിയാണ് നെല്ല് സംഭരിച്ചത്. അടുത്ത സീസൺ മുതൽ സംസ്ഥാന സർക്കാർ വിഹിതമായ എസ്.ഐ.ബി., കിലോ ഗ്രാമിന് 52 പൈസ കൂടി വർദ്ധിപ്പിച്ച്, ആകെ 28 രൂപ നിരക്കിൽ നെല്ല് സംഭരിക്കുന്നതാണ്.

(ഡി) എന്നുവരെയുള്ള, സംഭരിച്ച നെല്ലിന് വില നൽകാൻ സാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

സപ്ലൈകോ വഴി നെല്ല് സംഭരിച്ച ഇനത്തിൽ 2021 മേയ് മാസംവരെ സംഭരിച്ച നെല്ലിന്റെ വില നൽകിയിട്ടുണ്ട്. സപ്ലൈകോ വഴി നെല്ല് സംഭരിച്ച വകയിൽ 22-7-2021 വരെയുള്ള കണക്ക് പ്രകാരം കർഷകർക്ക് നൽകാൻ 82.94 കോടി രൂപ കുടിശ്ശികയുണ്ട്. ആയത് പി.ആർ.എസ്. (പാഡി റസീപ്റ്റ് ഷീറ്റ്) വായ്പാപദ്ധതി പ്രകാരം നൽകിവരുന്നു. പി.ആർ.എസ്. വായ്പ പദ്ധതിക്കായി സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 10 ബാങ്കുകളുമായി സപ്ലൈകോ ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ നെല്ല് നൽകിയ കൈപ്പറ്റ് രസീത് ബാങ്കിൽ ഹാജരാക്കുന്നമുറയ്ക്ക് സപ്ലൈകോ പേ ഓർഡർ റിലീസ് ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ ബാങ്കുകൾ സംഭരണ വില കർഷകർക്ക് നൽകുകയും ചെയ്യുന്നു. ലോൺ കാലാവധി തീരുന്ന മുറയ്ക്ക് ബാങ്കിൽനിന്നും ക്ലെയിം ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിൽ സപ്ലൈകോ ലോൺ തുകയും അതിന്റെ പലിശയും ബാങ്കിന് നൽകും. ടി പദ്ധതി പ്രകാരം സമയബന്ധിതമായി കർഷകർക്ക് സംഭരണ വില ലഭിക്കുന്നുണ്ട്.

**സുസ്ഥിര നെൽകൃഷി വികസന പദ്ധതി**

40 (1025) <u>ശ്രീ. സജീവ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകൃഷി വ്യാപിപ്പിക്കാൻ കർഷകർക്ക് സുസ്ഥിര നെൽകൃഷി വികസന പദ്ധതി പ്രകാരം സാമ്പത്തിക സഹായം നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര തുകയാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ?

നെൽകൃഷി വികസന പദ്ധതിയിൽ ഈ വർഷം 11,614 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. സുസ്ഥിര നെൽകൃഷി വികസനം എന്ന ഘടക പദ്ധതിയിലൂടെ നെൽകൃഷിയുടെ വിവിധ ഉല്പാദനോപാധികൾക്കുള്ള ധനസഹായമായി ഹെക്ടറിന് 5,500 രൂപ എന്ന നിരക്കിൽ ആനുകൂല്യം നൽകിവരുന്നു. സുസ്ഥിര നെൽകൃഷി വികസനം എന്ന ഘടക പദ്ധതിക്കായി നടപ്പുവർഷം 8,584.84 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) എത്ര സ്ഥലത്ത് നെൽകൃഷി ചെയ്യുന്നവർക്കാണ് ധനസഹായം ലഭിക്കുന്നതെന്ന് അറിയിക്കാമോ?

ഗ്രൂപ്പടിസ്ഥാനത്തിലുള്ള കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായാണ് സമഗ്ര നെൽക്കൃഷി വികസനപദ്ധതിയിൽ സുസ്ഥിര നെൽകൃഷി വികസനം എന്ന ഘടകം ഉൾപ്പെടുത്തിയിട്ടുള്ളത്. പാടശേഖര സമിതി മുഖാന്തരം നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ ആനുകൂല്യത്തിന് കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി സംബന്ധിച്ച് പ്രത്യേക നിബന്ധനയില്ല.

(സി) നെൽകർഷകർക്ക് നൽകുന്ന ഈ ധനസഹായം വെട്ടിക്കുറച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല. സുസ്ഥിര വികസന പദ്ധതി പ്രകാരം ഒരു ഹെക്ടറിന് നൽകുന്ന ധനസഹായ തുകയിൽ യാതൊരു കുറവും വരുത്താതെയാണ് പദ്ധതി ഈ വർഷവും നടപ്പാക്കുന്നത്. 2021-22 വർഷത്തിൽ സുസ്ഥിര നെൽകൃഷി വികസനത്തിന് മാത്രമായി ഹെക്ടറിന് 5,500 രൂപ പ്രകാരം 8,584.84 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

**ഷൊർണ്ണൂർ മണ്ഡലത്തിലെ നെൽകൃഷി**

41 (1026) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിൽ എത്ര ഹെക്ടർ നെൽകൃഷിയുണ്ടെന്ന വിവരം നൽകാമോ?

ഷൊർണ്ണൂർ മണ്ഡലത്തിൽ 869 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്തുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly